3. 35 എം. എം. എൽ. കുറവുള്ള കണ്ണിവലുപ്പമുള്ള വലകൾ ഉപയോഗിക്കരുത്.

4. യന്ത്രവൽകൃത ബോട്ടുകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ അവരുടെ വല മുതലായ സാധനങ്ങൾക്ക് കേട് സംഭവിക്കാതെ കടന്നു പോകേണ്ടതാണ്.

5. യന്ത്രവൽകൃത ബോട്ടുകൾ സൂര്യാസ്തമയം മുതൽ സൂര്യോദയം വരെ സംസ്ഥാന സമുദ്രാതിർത്തിയുടെ പരിധിക്കുള്ളിൽ ബോട്ടം ട്രോൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്താൻ പാടില്ല.

6. രജിസ്റ്റർ ചെയ്ത മത്സ്യബന്ധന യാനം ഒരു തുറമുഖത്തിന്റെ പരിധിയിൽ നിന്ന് മറ്റൊന്നിലേക്ക് മാറുമ്പോൾ ബന്ധപ്പെട്ട അധികാരികളെ അറിയിക്കേണ്ടതാണ്.

7. ഓരോ മത്സ്യബന്ധന യാനത്തിന്റെയും ഉടമ മത്സ്യബന്ധനത്തിന്റെ കണക്കുകൾ നിശ്ചിത ഫോറത്തിൽ യഥാകാലം ബന്ധപ്പെട്ട അധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

ആദിവാസികളുടെ അടിമപ്പണി, പട്ടിണി തുടങ്ങിയ ദുരിതങ്ങളകറ്റാൻ പദ്ധതി

*4 [404] ശ്രീ. എൻ. രാജൻ :
,, കെ. പി. രാജേന്ദ്രൻ :
,, പി. നാരായണൻ :
,, മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളുടെ പരമ്പരാഗത തൊഴിൽ കുറഞ്ഞുവരുന്നത് കൊണ്ടുണ്ടാകുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) തൊഴിലില്ലായ്മയും പട്ടിണിയും മൂലം ആദിവാസികൾ മറ്റ് സംസ്ഥാനങ്ങളിലെ തൊട്ടങ്ങളിൽ അടിമപ്പണി ചെയ്യാൻ നിർബന്ധിതരാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തോട്ടങ്ങളിൽ അടിമപ്പണിയിലും അർദ്ധപട്ടിണിയിലും കഴിയുന്ന യുവതിയുവാക്കളെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ആദിവാസി യുവജനങ്ങൾക്ക് പുതിയ തൊഴിൽ നൽകുന്നതിനും കൂടുതൽ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എം. എ. കുട്ടപ്പൻ) :

(എ) ആദിവാസികളുടെ പരമ്പരാഗത തൊഴിൽ നായാട്ട്, ചെറുകിട വന വിഭവശേഖരണം, മത്സ്യബന്ധനം, കൃഷി മുതലായവയാണ്. ഇവയിൽ കുറവു വന്നിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി അവർക്ക് മറ്റ് തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. വനസംരക്ഷണവുമായി ബന്ധപ്പെട്ട തൊഴിലവസരങ്ങളിൽ 80%-വും ആദിവാസികൾക്കാണ് നൽകുന്നത്. 300 ആദിവാസികളെ ഫോറസ്റ്റ് ഗാർഡുമാരായി നിയമിച്ചിട്ടുണ്ട്. ജോലിയ്ക്ക് ഭക്ഷണം പദ്ധതി പ്രകാരം അവർക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നുണ്ട്.

പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ മുഖേന തടി ഇതര വനവിഭവങ്ങൾ ശേഖരണം നടത്തുകവഴി അവരുടെ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ടൂറിസം മേഖലയിൽ അവരെ ഉൾപ്പെടുത്തി അവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനു പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. അവരുടെ വിദ്യാഭ്യാസത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തി കൂടുതൽ അഭ്യസ്തവിദ്യരെ സൃഷ്ടിക്കുന്നതിനു വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. (ഐ.റ്റി.സി./വി.റ്റി.സി.) തയ്യൽ, നെയ്ത്ത്, ചൂരൽപ്പണി പരിശീലന കേന്ദ്രങ്ങൾ അവർക്കുവേണ്ടി പ്രവർത്തിച്ചുവരുന്നുണ്ട്. ഇതു വഴി അവരെ മറ്റു മേഖലയിലേക്ക് തിരിച്ചുവിടാൻ കഴിയുന്നുണ്ട്.

(ബി) ഉണ്ട്. കണ്ണൂർ ജില്ലയിലെ ചതിരൂർ മലയിൽ നിന്നും കൃഷിപ്പണിക്കു പോയ ഒരു കുടുംബത്തിൽപ്പെട്ട ആദിവാസികൾ കർണ്ണാടകയിലെ കുടക് ജില്ലയിലെ ബർനാനിയിൽ അടിമപ്പണിയിൽ ഏർപ്പെട്ടിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ അന്വേഷണത്തിനായി ഉത്തരവാകുകയും അന്വേഷണം സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കേരളത്തിൽ ആദിവാസികൾ ഇപ്പോൾ അടിമപ്പണി ചെയ്യുന്നില്ല. അടിമപ്പണി ചെയ്തിരുന്ന ആദിവാസികളെ സുഗന്ധഗിരി കാർഡമം പ്രോജക്ട്, പ്രിയദർശിനി തേയിലത്തോട്ടം, പൂക്കോട് ഡയറി ഫാം, ചീങ്ങേരി എക്സ്റ്റൻഷൻ സ്കീം, അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി തുടങ്ങിയ സ്ഥലങ്ങളിൽ 1974-75 കാലഘട്ടങ്ങളിൽ പുനരധിവസിപ്പിക്കുകയുണ്ടായി. കേരളത്തിലെ ഒരു ആദിവാസിക്കും ഭക്ഷണ ദൗർലഭ്യം അനുഭവപ്പെടാൻ പാടില്ല എന്ന് ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി പ്രകൃതിക്ഷോഭം മൂലം ഭക്ഷണ ദൗർലഭ്യം അനുഭവപ്പെടുന്ന വയനാട് ഉൾപ്പെടെയുള്ള ആദിവാസി മേഖലകളിൽ 16-6-2004 മുതൽ ഓണക്കാലംവരെ റവന്യൂ വകുപ്പുവഴി സൗജന്യ റേഷൻ നൽകാൻ ഉത്തരവായിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുവഴിയും ഫുഡ് സപ്പോർട്ടുപ്രോഗ്രാം വഴിയും സൗജന്യ അരി നൽകിവരുന്നു. ഈ രണ്ടു പദ്ധതികളും നടപ്പിലാക്കിയിട്ടില്ലാത്ത പ്രദേശങ്ങളിൽ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ കളക്ടർമാർ വഴി സൗജന്യ റേഷൻ നൽകാൻ 5-7-2004-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ ചില പ്രദേശങ്ങളിൽ ധാന്യ ബാങ്കുവഴിയും അരി ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുടുംബശ്രീയുമായി സഹകരിച്ചുകൊണ്ട് വിവിധോദ്ദേശ്യ തൊഴിൽ ക്ളബുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു കൂടാതെ ഐ. റ്റി. മിഷനുമായി സഹകരിച്ചുകൊണ്ടുള്ള അക്ഷയ പദ്ധതി, സിഡിറ്റുമായി സഹകരിച്ചു കൊണ്ടുള്ള സൈബർ ശ്രീ, വൈംശിയ വൈദ്യം എന്നീ പദ്ധതികളും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മലിനജല നിവാരണ പദ്ധതി

*5 [405] ശ്രീ. ടി. കെ. ദേവകുമാർ :
,, ടി. പി. രാമകൃഷ്ണൻ :
,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം മലിനജല വിമുക്തമാക്കാനായി സർക്കാർ പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെ പണി ആരംഭിച്ചിട്ടുണ്ടോ;

(ബി) അവയുടെ കാലകാലങ്ങളിലുള്ള പുരോഗതി വിലയിരുത്താറുണ്ടോ;

(സി) സർക്കാർ ഇതിനകം പ്രഖ്യാപിച്ച പദ്ധതികളിൽ ഇനിയും പണി ആരംഭിച്ചിട്ടില്ലാത്തവ ഏതെല്ലാമാണ്;

(ഡി) മലിനജല നിവാരണത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉണ്ടോ;

(ഇ) മലിനജല നിവാരണത്തിനായി നിലവിലുള്ള പദ്ധതികൾ അറ്റകുറ്റപ്പണി നടത്താത്തതും മൂലം പ്രവർത്തനക്ഷമമല്ലാതായിട്ടുള്ളവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) സംസ്ഥാനം മലിനജല വിമുക്തമാക്കാനായി പുതിയ പദ്ധതികൾ ഒന്നും ജലവിഭവ വകുപ്പ് ആരംഭിച്ചിട്ടില്ല. എന്നാൽ സ്വീവറേജ് സൗകര്യങ്ങൾ മെച്ചപ്പെടുത്താനും വിപുലീകരിക്കാനും നടപടികൾ എടുത്തു വരുന്നു.

(ബി) ഇവയുടെ പുരോഗതി വിലയിരുത്താറുണ്ട്.

(സി) സ്വീവറേജ് പദ്ധതികളിൽ തിരുവനന്തപുരം-സ്വീവറേജ് പദ്ധതിയുടെ ഭാഗമായി പേട്ട-ഭഗത്സിംഗ് കോളനിയിൽ നടപ്പിലാക്കാനായി ഭരണാനുമതി ലഭിച്ച പദ്ധതിയുടെ പണി ആരംഭിക്കേണ്ടതുണ്ട്. വാട്ടർ അതോറിറ്റി ഏറ്റെടുത്ത മറ്റു സ്വീവറേജ് പദ്ധതികളുടെ പണികൾ പുരോഗമിച്ചു വരുന്നു.

(ഡി) പമ്പാനദി മാലിന്യ വിമുക്തമാക്കുന്നതിനു വേണ്ടി ദേശീയ നദീ സംരക്ഷണ പദ്ധതിയുടെ കീഴിൽ പമ്പാ ആക്ഷൻ പ്ളാൻ എന്ന പേരിൽ 18.45 കോടി രൂപ അടങ്കൽ തുകയുള്ള ഒരു പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്ന് അനുമതി ലഭിക്കുകയുണ്ടായി. ഈ പദ്ധതി നടപ്പിലാക്കുന്നതിന് നോഡൽ ഏജൻസിയായി കേരള

LIBRARY ARCHIVES Kerala Legislative Assembly